MR. N. JOHN JOSEPH (*Nominated*) : അധഃകൃതഹിന്ദുക്കളെയും അധഃകൃത ക്രിസ്ത്യാനികളേയും മത്സരപരീക്ഷയിൽനിന്നു ഒഴിവാക്കാൻ ദയവുണ്ടാകുമോ?

RAO SAHIB DR. N. KUNJAN PILLAI (*Chief Secretary to Government*): പബ്ലിക്ക് സർവീസ് റിക്രൂട്ടുമെന്റ് റൂൾസിൻപ്രകാരം അധഃകൃതഹിന്ദുക്കളും അധഃകൃതക്രിസ്ത്യാനികളും ഇല്ല.

MR. N. JOHN JOSEPH (*Nominated*) : വിദ്യാഭ്യാസവിഷയത്തിൽപിന്നോക്കം നിൽക്കുന്ന അധഃകൃതരെ ഉദ്യോഗനിയമനത്തിനുള്ള മത്സരപരീക്ഷയിൽനിന്നും ഒഴിച്ചുവയ്ക്കാമോ?

RAO SAHIB DR. N. KUNJAN PILLAI (*Chief Secretary to Government*): അവരെ ഒഴിച്ചുവയ്ക്കാൻ നിവർത്തിയില്ല. അവരെ ഒഴിവാക്കാതെ തന്നെ അവർക്ക് പ്രത്യേകം സൌജന്യം ചെയ്തു കൊടുത്തിട്ടുണ്ട്.

MR. N. JOHN JOSEPH (*Nominated*) : പത്തോ പതിനഞ്ചോ വർഷങ്ങളായി മാത്രം സ്കൂളിൽ പ്രവേശനം സിദ്ധിച്ചു പരീക്ഷാവിജയികളായിട്ടുള്ള അധഃകൃതരും വിദ്യാഭ്യാസവിഷയത്തിൽ മുന്നിട്ടു നിൽക്കുന്നവരും തമ്മിലുള്ള മത്സരപരീക്ഷയിൽ അധഃകൃതർക്കു വിജയം സിദ്ധിക്കുകയില്ലെന്നുള്ളതു് നിശ്ചയമല്ലെ?

RAO SAHIB DR. N. KUNJAN PILLAI (*Chief Secretary to Government*) : മത്സരപരീക്ഷ കൊണ്ടുമാത്രമല്ല ഉദ്യോഗം ലഭിക്കുന്നതു്. വിദ്യാഭ്യാസവിഷയത്തിൽ പിന്നോക്കം നിൽക്കുന്ന സമുദായക്കാർക്കു് ബോണസ്മാർക്കു വച്ചിരിക്കുന്നതു് അവർക്കു മത്സരപരീക്ഷയിൽ തുല്യമായി നിൽക്കാൻ സാധിക്കാത്തതുകൊണ്ടാണു്.

PRESIDENT : The time allotted for questions having expired, the remaining questions will, as usual, be incorporated in the Proceedings of the day, including the unstarred questions.

Depressed Classes and Public Service.

310 *MR. N. JOHN JOSEPH (*Nominated*) : Will the Government be pleased to state :

(*a*) whether they have made any arrangement with the Public Service Commissioner for the depressed class candidates being shown any preferential treatment in the matter of appointment in the Higher and Intermediate grades ; and

(*b*) if not, why ?

RAO SAHIB DR. N. KUNJAN PILLAI (*Chief Secretary to Government*): (*a*) and (*b*) The member is referred to the Public Service Recruitment Rules, 1111, published in the issue of the Gazette dated the 18th February 1936.

LIBRARY ARCHIVES Kerala Legislative Assembly